പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2263

15.07.2011-ൽ
മറുപടി നൽകേണ്ടത്

## കണ്ണൻ ദേവൻ ഹിൽ വില്ലേജിലെ റീ സർവ്വേ നടപടികൾ

**ചോദ്യം**

ശ്രീ. വി.എസ്.സുനിൽകുമാർ
ശ്രീ.കെ.അജിത്

(എ)ഇടുക്കി ജില്ലയിൽ കണ്ണൻ ദേവൻ ഹിൽ വില്ലേജിലെ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത പ്രദേശത്ത് നാഷണൽ റിമോട്ട് സെൻസിംഗ് അതോറിറ്റി നടത്തിയ ഏരിയൽ സർവ്വേയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; നിലവിൽ ഇവിടെ ഏതെല്ലാം വകുപ്പുകൾ ചേർന്നാണ് റീസർവ്വേ നടപടികൾ നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി)പ്രസ്തുത റീസർവ്വേയിലൂടെ ടാറ്റാ കമ്പനി എത്ര ഏക്കർ സ്ഥലം കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്; പ്രസ്തുത ഭൂമി തിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
( റവന്യൂ വകുപ്പ് മന്ത്രി)

(എ) പൂർത്തിയായിട്ടില്ല. പ്രസ്തുത പ്രദേശത്ത് നാഷണൽ റിമോട്ട് സെൻസിംഗ് അതോറിറ്റി നടത്തിയ ഏരിയൽ സർവ്വെയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. നിലവിൽ ഈ പ്രദേശത്ത് 'ഭൂമികേരളം' മുഖേന സർവ്വേ നടത്തിവരികയാണ്. സർവ്വെ, റവന്യൂ, ഫോറസ്റ്റ് വകുപ്പുകൾ ചേർന്നാണ് വെരിഫിക്കേഷൻ സർവ്വേ നടത്തുന്നത്.

(ബി)പ്രസ്തുത റീസർവ്വെ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ കമ്പനിയുടെ കയ്യേറ്റത്തിന്റെ വ്യാപ്തി അറിയുവാൻ കഴിയൂ. കയ്യേറ്റം കണ്ടെത്തുന്ന മുറയ്ക്ക് ഭൂമി തിരിച്ചെടുക്കാൻ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ